

# അതിരൂപതാ കുട്ടനാട് പുനർനിർമ്മാണ പദ്ധതി

**(1) ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിലുള്ള കുട്ടനാട് പുനരധിവാസ പദ്ധതി ഉദ്ഘാടനം ചെയ്തു**

ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ, കുട്ടനാടിന്റെ പുനർനിർമ്മാണം ലക്ഷ്യംവച്ചുകൊണ്ടുള്ള പുനരധിവാസപദ്ധതികളുടെ ഔദ്യോഗിക ഉത്ഘാടനം ജനുവരി 13 ഞായർ രാവിലെ 9:30 ന് പുളിംകുന്നിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിച്ചു. സുമനസ്സുകളായ ദേശത്തും വിദേശത്തുമുള്ള വളരെയധികം ആളുകളുടെ വിയർപ്പിന്റെ ഫലം കുട്ടനാട്ടിലെ സഹോദരങ്ങൾക്കായി പങ്കുവയ്ക്കുന്നതുകൊണ്ടാണ്, പുനരധിവാസ പദ്ധതി നടപ്പാക്കാൻ കഴിയുന്നതെന്ന് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. അതിനാൽ ഓരോ രൂപയും സത്യസന്ധമായി പദ്ധതി നിർവ്വഹണത്തിനുവേണ്ടി ഉപയോഗിക്കാൻ ഗുണഭോക്താക്കൾക്ക് കടമയുണ്ടെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. സഹായങ്ങൾ സ്വീകരിക്കുന്നവർ മറ്റുള്ളവരെ സഹായിക്കാൻ സന്നദ്ധരാകണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. വീട്-ശൗചാലയ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സഹായധന വിതരണോദ്ഘാടനം മാർ ജോസഫ് പെരുന്തോട്ടം പിതാവും, കർഷകർക്കുള്ള സാമ്പത്തിക സഹായ വിതരണോദ്ഘാടനം മാർ തോമസ് തറയിൽ പിതാവും നിർവ്വഹിച്ചു. തുടർന്ന് പുളിംകുന്ന് ഇടവകയിൽ OCD മലബാർ പ്രോവിൻസിന്റെ സഹായത്തോടെ നിർമ്മിക്കുന്ന ഒരു ഭവനത്തിന് തറക്കല്ലിടുകയും ചെയ്തു. ഫൊറോനാ വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ എന്നിവർ ആശംസകൾ നേർന്നു.

**(2) പുനരധിവാസ പദ്ധതിയിൽ സഹായവിതരണം ആരംഭിച്ചു**

ചങ്ങനാശേരി അതിരൂപത നേരിട്ട് നടപ്പാക്കുന്ന കുട്ടനാട് പുനരധിവാസ പദ്ധതിയിൽ വീടുകളുടെ അറ്റകുറ്റപ്പണി, ശൗചാലയ നിർമ്മാണം, കൃഷി പ്രോത്സാഹനം എന്നിവയ്ക്കുള്ള സഹായധന വിതരണം ആരംഭിച്ചു. വിവിധ ഇടവകകൾ തെരഞ്ഞെടുത്തു നൽകിയ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് (വിശദമായ പരിശോധനയ്ക്ക് ശേഷം അംഗീകരിച്ചത്) അനുസരിച്ചാണ് സഹായധനം വിതരണം ചെയ്യുന്നത്. ഗുണഭോക്താക്കളുടെ പേരിലുള്ള ചെക്കുകൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ പദ്ധതി വിശദാംശങ്ങളടങ്ങിയ കത്തോടുകൂടി ഏൽപ്പിക്കുന്നതായിരിക്കും. തുടർന്ന് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ പണം മാറി യൂണിറ്റിൽ ഗുണഭോക്താവിന്റെ പേരിലുള്ള ക്രെഡിറ്റ് യൂണിയൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും, നിർമ്മാണം പുരോഗമിക്കുന്നതനുസരിച്ച്, യൂണിറ്റിന്റെ/വികാരിയച്ചന്റെ അറിവോടെ പണം നല്കുകയും ചെയ്യുന്നതായിരിക്കും ഉചിതം. ബഹുമാനപ്പെട്ട വികാരിയച്ചനും മറ്റ് ബന്ധപ്പെട്ടവർക്കും പദ്ധതിയുടെ പുരോഗതി വിലയിരുത്താനിതിലൂടെ സാധിക്കും. കത്തിൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കി ഫോട്ടോ സഹിതം റിപ്പോർട്ട് ചാസ് കേന്ദ്ര ഓഫീസിൽ എത്തിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

**(3) പദ്ധതി വിശദീകരണം**

കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി കാരിത്താസ് ഇൻഡ്യ- ചമ്പ

ക്കുളം, നെടുമുടി പഞ്ചായത്തുകളിൽ നടത്താനുദ്ദേശിക്കുന്ന പുനർനിർമ്മാണ പരിപാടികളെ സംബന്ധിച്ച ചർച്ച ജനുവരി 22 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് ചമ്പക്കുളം ഫൊറോനാ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനാ വികാരി വെരി.റവ. ഫാ. അബ്രാഹം കാടാത്തുകളം അദ്ധ്യക്ഷതവഹിച്ചു. ബഹുമാനപ്പെട്ട വൈദികർ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ വിശദീകരിച്ചു.

**(4) വിദ്യാഭ്യാസ സഹായ വിതരണം**

ചങ്ങനാശേരി അതിരൂപതാ കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി പ്രളയ ബാധിത പ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 47 ഇടവകകളിൽ നിന്നുള്ള അർഹരായ 147 വിദ്യാർത്ഥികൾക്ക് SVD & SSPS കോൺഗ്രിഗേഷനുകളുടെ സഹകരണത്തോടെ ഉപരിപഠനത്തിന് 48,45,000/- രൂപ ഡിസംബർ-ജനുവരി മാസങ്ങളിൽ വിതരണം ചെയ്തു.

**(5) വെബ്സൈറ്റ്**

ചങ്ങനാശേരി അതിരൂപതയുടെ കുട്ടനാട് പുനർനിർമ്മാണ പദ്ധതിയുടെ വിശദവിവരങ്ങൾ അറിയാൻ താഴെപ്പറയുന്ന വെബ് സൈറ്റുകൾ സന്ദർശിക്കുക.

www.missionkuttanad.com
www.chasschry.org

**Fr. Joseph Kalarickal**
Secretary,
Archdiocesan Rehabilitation & Monitoring Cell